# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.5/157/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/02/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.5/157/2023 തീയ്യതി: 23/02/2023

## ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 28-01-2023 | 06-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-01-2023 | 06-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജ്യോതിമോൻ. സി.സി, ഓഡിറ്റ് ഓഫീസർ
ശ്രീ.ഫമിൻ.എസ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പത്മാകരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ജ്യോതിഷ്കുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.അബ്ദുൾലത്തീഫ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 01-11-2021 |
| ശ്രീ.ബൈജു.സി.എം | അസിസ്റ്റന്റ് സെക്രട്ടറി | 02-11-2021 | 24-11-2021 |
| ശ്രീ.സജികുമാർ.കെ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 25-11-2021 | 31-03-2022 |
| ശ്രീ.തുശ്ശി ബാലൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 16-12-2021 |
| ശ്രീ.മനമോഹൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 17-12-2021 | 31-03-2022 |
| ഡോ.രാജൻ.കെ.എസ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ആര്യനാഥ് .വി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ദിവ്യ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, | 01-04-2021 | 31-03-2022 |
| ഡോ.ഹേമ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീ.ദീപു.എം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.അജി.കെ.ഡി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ കാരക്കാട് സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ. തോമസ് ടി. മാർട്ടിൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ മുളക്കുഴ സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ.ലക്ഷ്മി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഹാഷിറ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജെസ്സി.എ.എസ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.മായ എസ്.രാജൻ | അസിസ്റ്റന്റ് എഞ്ചിനീയർ,എൻ.ആർ.ഇ.ജി.എസ് | 01-04-2021 | 31-03-2022 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ്-അവലോകനം | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | ഓഡിറ്റ് ഇംപാക്ട്-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 3750/- രൂപാ സ്ഥാപന തൊഴിൽ നികുതി ഈടാക്കി | 1-10 |
| 13 | ഓഡിറ്റ് ഇംപാക്ട്- ഓഡിറ്റ് അന്വേഷണത്തെ തുടർന്നു 3100/- രൂപാ തൊഴിൽ നികുതി ഈടാക്കി. | 1-11 |
| 14 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 10,000/- രൂപാ വരുമാന നഷ്ടം | 1-12 |
| 15 | ഉപയോഗക്രമം അനുസരിച്ച് കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയില്ല - 8,933/- രൂപയുടെ വരുമാന നഷ്ടം | 1-13 |
| 16 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല | 1-14 |
| 17 | നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാത്ത പെട്രോൾ പമ്പുകൾക്ക് ലൈസൻസ് അനുവദിച്ചു. | 1-15 |
| 18 | അങ്കണവാടികളുടെ പ്രവർത്തനം -അവലോകനം | 1-16 |
| 19 | അങ്കണവാടികളുടെ അധിക വാടക നൽകൽ - പണം കെട്ടിട ഉടമയ്ക്കുപകരം അങ്കണവാടി വർക്കർമാർക്ക് നൽകി | 1-17 |
| 20 | ടെന്റർ കുറവ് അവഗണിച്ച് പണം നൽകി , ചരക്ക് സേവന നികുതിക്ക് മേൽ വീണ്ടും നികുതി കണക്കാക്കി കരാറുകാരന് നൽകി - അധികച്ചെലവ് | 1-18 |
| 21 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായില്ല , ധനവിനിയോഗ വിവരങ്ങൾ ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 22 | വയോജനങ്ങൾക്ക് കട്ടിൽ - കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് കട്ടിൽ വാങ്ങി , പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-20 |
| 23 | കെ.എം.എസ്.സി.എൽ -2.17 ലക്ഷം രൂപയുടെ മരുന്ന് ലഭ്യമാക്കുവാൻ ബാക്കി | 1-21 |
| 24 | ഹരിത കർമ്മസേന -അവലോകനം | 1-22 |
| 25 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. | 1-23 |

| | | |
|---|---|---|
| 26 | പുതുപ്പറമ്പിൽ ഊരിക്കടവ് തോട് ആഴംകൂട്ടി വശങ്ങൾ കയർഭൂവസ്ത്രം വിരിക്കൽ | 1-24 |
| 27 | കാലിവീപ്പയുടെ വില ഈടാക്കിയില്ല/ഈടാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-25 |
| 28 | സംരക്ഷണ ഭിത്തി നിർമ്മാണം- സാങ്കേതിക സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ അധികച്ചെലവിനിടയാക്കി. | 1-26 |
| 29 | പൂനംകുന്ന് കോളനി അറന്തക്കാട് തോട് ആഴംകൂട്ടി വശങ്ങൾ കയർഭൂവസ്ത്രം വിരിക്കൽ | 1-27 |
| 30 | മേലേവിളയിൽ കോയിപറമ്പ് റോഡ് പുനരുദ്ധാരണം- അപാകതകൾ | 1-28 |
| 31 | സാംസ്കാരിക നിലയം ടോയ് ലറ്റ് നിർമ്മാണം - അപാകതകൾ | 1-29 |
| 32 | പിരളശ്ശേരി കുന്നുവേലിക്കാവ് കാർഷെഡ് റോഡ് - അപാകതകൾ | 1-30 |
| ഭാഗം **2** | | |
| 1 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 10,000/- രൂപാ വരുമാന നഷ്ടം | 2-1 |
| 2 | ഉപയോഗക്രമം അനുസരിച്ച് കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയില്ല - 8,933/- രൂപയുടെ വരുമാന നഷ്ടം | 2-2 |
| ഭാഗം **3** | | |
| 1 | പുതുപ്പറമ്പിൽ ഊരിക്കടവ് തോട് ആഴംകൂട്ടി വശങ്ങൾ കയർഭൂവസ്ത്രം വിരിക്കൽ | 3-1 |
| 2 | സംരക്ഷണ ഭിത്തി നിർമ്മാണം- സാങ്കേതിക സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ അധികച്ചെലവിനിടയാക്കി. | 3-2 |
| 3 | പുതുപ്പറമ്പിൽ ഊരിക്കടവ് തോട് ആഴംകൂട്ടി വശങ്ങൾ കയർഭൂവസ്ത്രം വിരിക്കൽ | 3-3 |
| 4 | മേലേവിളയിൽ കോയിപറമ്പ് റോഡ് പുനരുദ്ധാരണം- അപാകതകൾ | 3-4 |
| 5 | സാംസ്കാരിക നിലയം ടോയ് ലറ്റ് നിർമ്മാണം - അപാകതകൾ | 3-5 |
| 6 | പിരളശ്ശേരി കുന്നുവേലിക്കാവ് കാർഷെഡ് റോഡ് - അപാകതകൾ | 3-6 |
| 7 | ടെന്റർ കുറവ് അവഗണിച്ച് പണം നൽകി , ചരക്ക് സേവന നികുതിക്ക് മേൽ വീണ്ടും നികുതി കണക്കാക്കി കരാറുകാരന് നൽകി - അധികച്ചെലവ് | 3-7 |
| 8 | വയോജനങ്ങൾക്ക് കട്ടിൽ - കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് കട്ടിൽ വാങ്ങി , പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-8 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | 17.11.2021ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ പങ്കെടുത്ത മെമ്പർമാരുടെ പേര് വിവരം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

മുളക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് 5.03.2021 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 18.03.2022-ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 223993907 | 245760574 |
| വാർഷിക കണക്ക് പ്രകാരം<br>(ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 171164447 | 183145781 |

### 1-1-1 ബജറ്റ്-അവലോകനം

2021-22വർഷത്തെ ബജറ്റ് 5.3.2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 18.3.2022ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല.

2.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2021-22 ലെ ബജറ്റ് 2021ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2101001 | ശമ്പളം | 90,00,000 | 8390499 | 8539676 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2102003 | ജനപ്രതിനിധികളുടെ ഓണറേറിയം | 20,00,000 | 16,00,000 | 1870977 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2301002 | ഡീസൽ പെട്രോൾ ഓയിൽ ലൂബ്രിക്കന്റ് | 200000 | 230000 | 267289 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2303001 | | 00 | 00 | 16240 | വകയിരുത്താതെ ചെലവ് ചെയ്തു |
| 5 | 2308001 | | 00 | 00 | 52543 | വകയിരുത്താതെ ചെലവ് ചെയ്തു |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (8/2.2.2023) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 30.07.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ

2021-22 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.
എ) എസ്.എസ്.എ ഫണ്ട് സൂക്ഷിച്ചിട്ടുള്ള ഇൻഡ്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ടിൽ (നം.17494)വരവ് വന്ന 1786 രൂപ പലിശ

പ്രസ്തുത ശീർഷകത്തിൽ വരവായി ബാങ്ക് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻമൂലം 31.3.2022 ലെ ബാലൻസ് ഷീറ്റ് 450210101 എന്ന ആസ്തി ശീർഷകത്തിൽ തത്തുല്യതുകയുടെ കുറവുണ്ടായി .

ബി) പഞ്ചായത്ത് തയ്യാറാക്കിയ വിവിധ വരവിനങ്ങളുടെ മുതൽ - പിരിവ്- ബാക്കി പത്രിക വാർഷിക ധനകാര്യ പത്രികയിലെ ആദായം, വരവ്, കുടിശ്ശിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

സി) 31.3.2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാസഗൃഹങ്ങളുടെ വസ്തുനികുതിയിനത്തിൽ 2021-22 ലെ ബാക്കിയും മുൻവർഷങ്ങളിലെ കുടിശ്ശികയും ചേർത്ത് 1867546 രൂപ പിരിച്ചെടുക്കാനുണ്ട്. 2021-22 ലെ റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം തൻവർഷത്തെ കുടിശ്ശിക വരവ് 562062 രൂപയാണ് . ഇതും അഞ്ച് ശതമാനം ലൈബ്രറി സെസ്സും ചേർത്ത് 500165 രൂപ കിഴിച്ച് 1277381 രൂപ കുടിശ്ശികയിനത്തിൽ തൻവർഷാവസാനം പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ഈ തുക 31.3.2022 ലെ ബാലൻസ് ഷീറ്റിൽ റിസീവബിൾസ് ആയി ആസ്തി എന്നനിലയിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 10.01 ലക്ഷം രൂപമാത്രമാണ് ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഡി)കേരള സംസ്ഥാന വൈദ്യുതി ബോർഡുവഴി നിർവ്വഹണം നടത്താനായി രണ്ട് പ്രോജക്ടിൽ പെടുത്തി തൻവർഷം നിക്ഷേപിച്ചതുകയിൽ 21.83 ലക്ഷം രൂപയുടെ പ്രവൃത്തികൾ തൻവർഷം പൂർത്തിയായിരുന്നില്ല. എന്നാൽ ഈ തുക മുൻകൂർ എന്ന ശീർഷകത്തിൽ ആസ്തിയായി 31.3.22 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20605053 |
| വരവ് | 95370093 |
| ആകെ | 115975146 |
| ചെലവ് | 101050494 |
| നീക്കിയിരിപ്പ് | 14924652 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് എ.സി.ആർ പ്രകാരം | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 15127000 | 15127000 | 1707627 | 11929702 | 1489671 (ലാപ്സായി) |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11746000 | 11746000 | 46973 | 11563479 | 135548 (ലാപ്സായി) |
| വികസന ഫണ്ട്-ടി.എസ്.പി | | 23400 | 23400 | 00 | 00 | 23400 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 9366390 | 9366390 | 00 | 598477 | 8767913 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 0 | 5726164 | 5726164 | 00 | 4289533 | 1436631 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 6678533 | 6678533 | 00 | 3427564 | 3250969 (ലാപ്സായി) |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 17525100 | 17525100 | 00 | 12035255 | 5489845 (ലാപ്സായി) |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

(സുലേഖ പദ്ധതി ചെലവ് പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 176 | 117957238 | 124 | 66619004 | 00 | 52 | 70% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 603772 | 320966 | 924738 | 923935 | 803 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 00 | 26029000 | 26029000 | 26029000 | 00 |
| ആകെ | 603772 | 26349966 | 26953738 | 26952935 | 803 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 51240 | 24 |
| കർഷക തൊഴിലാളി പെൻഷൻ | 8643500 | 109 |
| വിധവ പെൻഷൻ | 16431200 | 101 |
| വാർദ്ധക്യകാല പെൻഷൻ | 41329900 | 345 |
| വികലാംഗ പെൻഷൻ | 5233400 | 112 |
| അവിവാഹിത പെൻഷൻ | 902400 | 22 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-01-2023 തീയ്യതിയിൽ 03:55 PM സമയത്ത് അസ്സി: സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ16,114/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണം

1.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

3.പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വാങ്ങലുകൾ നടത്തുമ്പോൾ സാങ്കേതികവിദഗ്ധരുടെ റിപ്പോർട്ടുകൾ പരിഗണിക്കപ്പെടുന്നില്ല.

4.പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പ്രകാരം ഹരിതകർമ്മ സേനകൾ സൂക്ഷിക്കേണ്ട വേസ്റ്റ് ക്വോണ്ടിഫിക്കേഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ എല്ലാ മാസവും പരിശോധിച്ച് സാക്ഷ്യപ്പെടുത്തുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ പ്രസ്തുത ഉത്തരവാദിത്തം നിറവേറ്റുന്നില്ല.

5.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തികളുടെ ബില്ലുകൾ നൽകുമ്പോൾ വേണ്ടത്ര സൂക്ഷ്മത പുലർത്തുന്നില്ല.

6. വസ്തു നികുതി, തൊഴിൽ നികുതി ഉൾപ്പെടെയുള്ള തനത് വരുമാനം കൃത്യമായി എല്ലാ സ്ഥാപനങ്ങളും ഒടുക്ക് വരുത്തുന്നുണ്ടെന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പ് വരുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ഓഡിറ്റ് ഇംപാക്ട്-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 3750/- രൂപാ സ്ഥാപന തൊഴിൽ നികുതി ഈടാക്കി

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്.

പഞ്ചായത്തിന്റെ 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ 2021-22 രണ്ടാം അർദ്ധ വർഷം പ്രവർത്തനം ഇടങ്ങിയ താഴെ സൂചിപ്പിക്കുന്ന സ്ഥാപനത്തിൽ നിന്നും, സ്ഥാപന തൊഴിൽ നികുതി അർദ്ധവർഷം 1250/- രൂപ നിരക്കിൽ ഈടാക്കാത്തത് മൂലം പഞ്ചായത്തിന്നുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം:2 /തീയതി: 30-01-2023) നൽകിയതിനെ തുടർന്ന് ടി സ്ഥാപനം താഴെ സൂചിപ്പിക്കുന്ന രസീതുകൾ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ 2021-22 ലെ കുടിശ്ശികയും, ഓഡിറ്റ് കാലയളവിലെ രണ്ട് അർദ്ധ വർഷങ്ങളിലെ (2022-23) തുകയും പഞ്ചായത്തിൽ ഒടുക്കിയതായി മേൽ സൂചിപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | രസീത് നം / തീയതി | ഒടുക്കിയ തുക |
|---|---|---|---|---|
| 1 | കണ്ണാട്ട് ഫിൻ ഗോൾഡ്, മുളക്കുഴ | രണ്ടാം അർദ്ധവർഷം (2021-22) | 1220503381 തീയതി 01-02-2023 | 1250/- |
| | | ഒന്നും രണ്ടും അർദ്ധവർഷം (2022-23) | 1220503384 തീയതി 01-02-2023 | 2500/- |
| | ആകെ | | | 3750/- |

## 1-11 ഓഡിറ്റ് ഇംപാക്ട്- ഓഡിറ്റ് അന്വേഷണത്തെ തുടർന്ന 3100/- രൂപാ തൊഴിൽ നികുതി ഈടാക്കി.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥനാണ്. പഞ്ചായത്തിന്റെ 2021-22ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ 2021-22 രണ്ടാം അർദ്ധ വർഷം പ്രവർത്തനം ആരംഭിച്ച താഴെ ചേർക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും,തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കാത്തത് മൂലം പഞ്ചായത്തിന്നുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം:2 /തീയതി: 30-01-2023) നൽകിയതിനെ തുടർന്ന് കണ്ണാട്ട് ഫിൻ ഗോൾഡ്, മുളക്കുഴ എന്ന സ്ഥാപനം താഴെ സൂചിപ്പിക്കുന്ന രസീതുകൾ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 2021-22 ലെ കുടിശ്ശികയും, ഓഡിറ്റ് കാലയളവിലെ രണ്ട് അർദ്ധ വർഷങ്ങളിലെ തുകയും പഞ്ചായത്തിൽ ഒടുക്കിയതായി മേൽ സൂചിപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനം | അർദ്ധവർഷം | രസീത് നം / തീയതി | ഒടുക്കിയ തുക |
|---|---|---|---|---|
| 1 | കണ്ണാട്ട് ഫിൻ ഗോൾഡ്, മുളക്കുഴ | രണ്ടാം അർദ്ധവർഷം (2021-22) | 1220503383 തീയതി 01-02-2023 | 1050/- |
| | | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (2022-23) | 1220503383 തീയതി 01-02-2023 | 2050/- |
| | ആകെ | | | 3100/- |

## 1-12 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 10,000/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1, | ഇരട്ടക്കുളങ്ങര മിനി ഫിനാൻസിയേഴ്സ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 2, | മലങ്കര ഇൻവെസ്റ്റ്മെന്റ് കമ്പനി പ്രൈ ലിമിറ്റഡ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 3 | സമദർശിനി മ്യൂച്ചൽ ബെനഫിറ്റ് നിധി ലിമിറ്റഡ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 4 | പുത്തൻപ്പുരയിൽ ചിട്ട്സ് | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| ആകെ | | | 10,000/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് കത്ത് നൽകിയതായും, നികുതി അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:2,തീയതി:30/01/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി

വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 ഉപയോഗക്രമം അനുസരിച്ച് കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയില്ല - 8,933/- രൂപയുടെ വരുമാന നഷ്ടം

പഞ്ചായത്തിന്റെ ഏഴാം വാർഡിൽ പ്രഥമ മേഖലയിൽപ്പെടുന്നതും, 5 മീറ്ററിലധികം വഴി സൌകര്യമുള്ളതുമായ 7/98B, 7/98C എന്നീ കെട്ടിടങ്ങളിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വ്യാപാരം നടത്തുന്നതിനായി 2021-22 ൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 7/98B, 7/98C എന്നീ വ്യത്യസ്ഥ കെട്ടിട നമ്പറുകൾ ആണെങ്കിലും ഒരേ കെട്ടിടത്തിന്റെ ഭാഗമായിട്ടുള്ളതും ഒരേ ഉപയോഗക്രമത്തിൽ ഉള്ളതുമായ ടി കെട്ടിടങ്ങളുടെ ആകെ തറ വിസ്തീർണ്ണം 171.9 ച: മീറ്ററാണ്.

2021-22 ലെ സഞ്ചയ രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 ഒന്നാം അർദ്ധ വർഷം ആദ്യ അസസ്സ്മെന്റ് നടത്തിയ ടി കെട്ടിടങ്ങൾക്ക് $100m^2$ കൂടുതൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൌണുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട 60 രൂപ വസ്തുനികുതി നിരക്കിന് പകരം കൈത്തറി,കയർപ്പിരി ഷെഡുകൾക്ക് ഈടാക്കുന്ന 15 രൂപ നിരക്കിലുള്ള കുറഞ്ഞ നിരക്കിലാണ് നിലവിൽ വസ്തു നികുതി ഈടാക്കുന്നത്. ഇത്തരത്തിൽ ഉപയോഗ ക്രമത്തിന് അനുസൃതമല്ലാത്ത കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. നിലവിൽ വസ്തുനികുതി ഈടാക്കുന്നതും കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന് അനുസൃതമായി ഈടാക്കേണ്ടതുമായ വസ്തുനികുതിയുടെ വിവരങ്ങൾ താഴെ വിശദീകരിക്കുന്നു.

| | വസ്തുനികുതി നിലവിൽ നിർണയിച്ചത് | | വസ്തുനികുതി നിർണയിക്കേണ്ടത് | | ആകെ ഈടാക്കേണ്ട വസ്തുനികുതി | ആകെ ഈടാക്കിയ വസ്തുനികുതി | അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|---|---|---|---|
| | 7/98B | 7/98C | 7/98B | 7/98C | | | |
| അടിസ്ഥാന വസ്തു നികുതി | $72m^2$@15 =1080 | $99.9m^2$@15 = 1498.5 | $72m^2$@60 = 4320 | $99.9m^2$@60 = 5994 | | | |
| മേഖല (പ്രഥമം) ഇളവില്ല | - | - | - | - | | | |
| മേൽക്കൂര 10% ഇളവ് | (-)108 | (-)149.85 | (-)432 | (-)599.4 | | | |
| വഴി സൌകര്യം 20% വർദ്ധനവ് | (+)216 | (+)299.7 | (+)864 | (+)1198.8 | | | |
| നികുതി | 1188/- | 1649/- | 4752 | 6593 | | | |
| ലൈബ്രറി സെസ് 5% | (+) 60 | (+) 83 | 238 | 330 | | | |
| ആകെ | 1248/- | 1732/- | 4,990/ | 6,923/- | 11,913/- | 2980/- | 8,933/- |

മേൽ സൂചിപ്പിച്ച പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിന് അനുസൃതമല്ലാത്ത കുറഞ്ഞ നിരക്കിലുള്ള വസ്തു നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയത് മൂലം പഞ്ചായത്തിന്റെ വരുമാനത്തിൽ 8,933/- രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് 2021-22 ൽ അധികമായി ഈടാക്കേണ്ട വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കാമെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം:07 /തീയതി: 01-02-23 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് അധികമായി ഈടക്കേണ്ട നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-14 തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്തിന്റെ 2021-22ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപന ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും, തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം / ജീവനക്കാർ | അർദ്ധവർഷം |
|---|---|---|
| 1 | ഇരട്ടക്കുളങ്ങര മിനി ഫിനാൻസിയേഴ്സ് (ഉടമ, ജീവനക്കാർ) | രണ്ടും അർദ്ധവർഷങ്ങളിൽ |
| 2 | മലങ്കര ഇൻവെസ്റ്റ്മെന്റ് കമ്പനി പ്രൈ ലിമിറ്റഡ് (ഉടമ, ജീവനക്കാർ) | ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ |
| 3 | സമദർശിനി മ്യൂച്ചൽ ബെനഫിറ്റ് നിധി ലിമിറ്റഡ് (ഉടമ, ജീവനക്കാർ) | ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ |
| 4 | പുത്തൻപുരയിൽ ചിട്ടീസ് (ഉടമ, ജീവനക്കാർ) | ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് 2021-22 ലെ തൊഴിൽ നികുതി കുടിശ്ശിക അടവാക്കുന്നതിന് പഞ്ചായത്ത് നോട്ടീസ് നൽകിയതായും തുക അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.02/തീയതി:30-01-2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും 2021-22 വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാത്ത പെട്രോൾ പമ്പുകൾക്ക് ലൈസൻസ് അനുവദിച്ചു.

2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൂന്ന് പെട്രോൾ പമ്പുകൾ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട നിരക്ഷേപ പത്രങ്ങൾ താഴെ സൂചിപ്പിക്കും പ്രകാരം ഹാജരാക്കിയില്ല.

| ക്രമ നം. | അപേക്ഷകൻ / പെട്രോൾ പമ്പ് | സമർപ്പിക്കാത്ത നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ |
|---|---|---|
| 1 | ലതാ റ്റി നായർ<br>രേണു ഓട്ടോ ഫ്യൂവൽസ് | 1, പി.സി.ബി സർട്ടിഫിക്കറ്റ്<br>2.ഫയർ & റെസ്ക്യൂ ലൈസൻസ്<br>3.എക്സ്പ്ലോസീവ് ലൈസൻസ് |
| 2 | സി.പി വാസുദേവൻ നായർ<br>ലക്ഷ്മീ ഫ്യൂവൽസ് | 1, പി.സി.ബി സർട്ടിഫിക്കറ്റ്<br>2.ഫയർ & റെസ്ക്യൂ ലൈസൻസ്<br>3.എക്സ്പ്ലോസീവ് ലൈസൻസ് |
| 3 | അനുപമ ഫ്യൂവൽസ് | 1, പി.സി.ബി സർട്ടിഫിക്കറ്റ്<br>2.ഫയർ & റെസ്ക്യൂ ലൈസൻസ്<br>3.എക്സ്പ്ലോസീവ് ലൈസൻസ് |

കേരള സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡിന്റെ പി.സി.ബി./എ.എൽ.പി./റ്റി.ജി.-500/21/01.02.21 പ്രകാരം പഞ്ചായത്ത് അധികാരപരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ ബോർഡിന്റെ സാധുതയുള്ള അനുമതിപത്രം കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും ഇല്ലാത്തവയ്ക്ക് ലൈസൻസ് പുതുക്കിനല്കുവാൻ പാടുള്ളതല്ല എന്നും, ഇല്ലാത്തവയുടെ വിവരങ്ങൾ അറിയിക്കേണ്ടതാണെന്നും എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരെയും അറിയിച്ചിട്ടുണ്ട്.

പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നതിന് ഇന്ത്യാ ഗവണ്മെന്റിന്റെ കീഴിലുള്ള പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ നല്കുന്ന എക്സ്പ്ലോസീവ് ലൈസൻസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

നല്കുന്ന പൊലൂഷൻ സർട്ടിഫിക്കറ്റ്, സംസ്ഥാന ഫയർ & റെസ്ക്യൂ ലൈസൻസ് എന്നിവ ആവശ്യമാണ്. ഇത്തരത്തിൽ രേഖകളില്ലാതെ പ്രവർത്തിക്കുന്ന പമ്പുകളിൽ അപകടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകില്ല എന്നും ഇത്തരം ലൈസൻസുകൾ നേടാതെ പമ്പുകൾ പ്രവർത്തിക്കുന്നതുമൂലം സർക്കാരിന്/തദ്ദേശ സ്ഥാപനങ്ങൾക്ക് ഭീമമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്നും സൂചിപ്പിക്കുന്ന 06.09.2020ലെ ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പിന്റെ എസ്.എസ്.4/155/2020-ഹോം നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നിയമാനുസൃതം ഹാജരാക്കേണ്ട എല്ലാ നിരാക്ഷേപ പത്രങ്ങളും ഹാജരാക്കാൻ ടി സ്ഥാപങ്ങൾക്ക് നിർദ്ദേശം നൽകിയതായും, തുടർന്നുള്ള വർഷങ്ങളിൽ എല്ലാ നിരാക്ഷേപ പത്രങ്ങളും അപേക്ഷയോടപ്പം സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ എന്നും, നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:03/30-01-23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പെട്രോൾ പമ്പുകൾ മേൽ സൂചിപ്പിച്ച ലൈസൻസുകൾ ഹാജരാക്കി എന്ന ഉറപ്പാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 അങ്കണവാടികളുടെ പ്രവർത്തനം -അവലോകനം

മുളക്കുഴ ഗ്രാമ പഞ്ചായത്തിൽ 27 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 11എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 3എണ്ണം സ്കൂൾ കെട്ടിടങ്ങളോട് ചേർന്നും 2എണ്ണം പഞ്ചായത്ത് വക കമ്യൂണിറ്റി ഹാളുകളിലുമാണ് പ്രവർത്തിച്ചുവരുന്നു. 11 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 13 എണ്ണത്തിന് മാത്രമേ ചുറ്റ് മതിലുള്ളൂ. 3അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം ലഭ്യമായതിൽ 2എണ്ണത്തിൽ കെട്ടിടം നിർമ്മിക്കുവാൻ 2022-23 ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. എല്ലാ അങ്കണവാടി കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.
എല്ലാ അങ്കണ വാടികൾക്കും ശൗചാലയം, കുടിവെള്ള ലഭ്യത, വൈദ്യുതി , മേശയും കസേരകളും അടക്കമുള്ള അടിസ്ഥാന സൗകര്യം, ഇൻഡോർ കളി ഉപകരണങ്ങൾ മുതലായ സൗകര്യങ്ങൾ ഒരുക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. എന്നാൽ ഒരേഒരു അങ്കണവാടിയിൽ മാത്രമാണ് ഔട്ട് ഡോർ കളി ഉപകരണങ്ങൾ ഉള്ളത് (നം.62 കാരക്കാട്) . ശിശു സൗഹൃദ ശൗചാലങ്ങൾ 4 അങ്കണവാടികളിൽ മാത്രമാണ് ഉള്ളത്. പഞ്ചായത്തിലെ ഒരങ്കണവാടി പോലും മാതൃകാ അങ്കണവാടിയായി ഉയർത്തപ്പെട്ടിട്ടില്ല.
ഔദ്യോഗിക വിദ്യാഭ്യാസം മൂന്ന് വയസ്സിൽ ആരംഭിക്കാൻ വിഭാവനം ചെയ്യുന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ വെളിച്ചത്തിൽ അങ്കണവാടികൾക്ക് കൈവരാവുന്ന സവിശേഷപ്രാധാന്യം കൂടി കണക്കിലെടുത്ത് എല്ലാഅങ്കണവാടികൾക്കും സ്വന്തമായിസ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളേണ്ടതും മുഴുവൻ അങ്കണവാടികളേയും മാതൃകാ അങ്കണവാടികളായി ഉയർത്താൻ പഞ്ചായത്ത് സമയബന്ധിത കർമ്മപരിപാടിക്ക് രൂപം നൽകേണ്ടതുമാണ്.

## 1-17 അങ്കണവാടികളുടെ അധിക വാടക നൽകൽ - പണം കെട്ടിട ഉടമയ്ക്കുപകരം അങ്കണവാടി വർക്കർമാർക്ക് നൽകി

അങ്കണവാടികളുടെ അധിക വാടക നൽകൽ എന്നപ്രോജക്ട് വഴി പഞ്ചായത്ത് പരിധിയിൽ വരുന്ന 69,74,75,83,86 നമ്പർ അങ്കണവാടികളുടെ 2021- 22 വർഷത്തെ വാടകയിൽ സർക്കാർ അനുവദിക്കുന്ന 1000 രൂപയിൽ അധികമായി നൽകേണ്ടുന്ന തുക നൽകാൻ തീരുമാനിയക്കുകയും യഥാക്രമം 5000, 25164, 9000, 9000, 30000 രൂപ വീതം അധിക വാടക കണക്കാക്കി തുക പ്രസ്തുത അങ്കണവാടി വർക്കർമാരുടെ ( യഥാക്രമം ഷീജാമോൾ.റ്റി.ഒ, ലീല.റ്റി.കെ, രേഖ.ജെ, വിജയകുമാരി.റ്റി.കെ, ശ്രീകല.കെ.ആർ എന്നീ വർക്കർമാരുടെ) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകുകയും ചെയ്തു. അങ്കണവാടിക്ക് കെട്ടിടം വാടകയ്ക്ക് നൽകിയ കെട്ടിട ഉടമയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകേണ്ട തുക വർക്കർമാർക്ക് നൽകിയതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അങ്കണവാടി വർക്കർമാർ പ്രസ്തുത തുക അതത് മാസങ്ങളിൽ തന്നെ കെട്ടിട ഉടമയ്ക്ക് നൽകിയിരുന്നു എന്നും മുൻകാലങ്ങളിലും ഇപ്രകാരമാണ് തുക നൽകിയിരുന്നത് എന്നും ഉള്ള മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയത്. എന്നാൽ ഇപ്രകാരം അന്തിമ ഉപയോക്താവിനല്ലാതെ പണം ട്രാൻസ്ഫർ ചെയ്ത് നൽകുന്നത് ശരിയല്ല. കെട്ടിടഉടമയുമായി കരാർ ചമച്ച് അധിക വാടക പ്രസ്തുത വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിൽ പഞ്ചായത്ത് നേരിട്ട് ക്രഡിറ്റ് ചെയ്ത് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.
പ്രോജക്ട് നം – 22/22 , അങ്കണവാടികൾക്ക് അധിക വാടക
നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ – 84500രൂപ(തനത് ഫണ്ട്)
ചെലവ് – 84168രൂപ (വൗച്ചർ നം – 22100553/21.03.2022 , 63873 രൂപ)
(വൗച്ചർ നം – 22100585/26.03.2022 , 20291 രൂപ)
ഓഡിറ്റ് അന്വേഷണം നമ്പർ – 6 / 31.1.2023

## 1-18 ടെന്റർ കുറവ് അവഗണിച്ച് പണം നൽകി , ചരക്ക് സേവന നികുതിക്ക് മേൽ വീണ്ടും നികുതി കണക്കാക്കി കരാറുകാരന് നൽകി - അധികച്ചെലവ്

അങ്കണവാടി നം 73 ന്റെ വൈദ്യുതീകരണത്തിനായി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിംഗ് അസി.എക്സി.എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെന്റർ ക്ഷണിക്കുകയും ആയതിൽ എസ്റ്റിമേറ്റിനേക്കാൾ ആറ് ശതമാനം കുറവ് ക്വാട്ട് ചെയ്ത ശ്രീ അലക്സ്, കുമരംകരിച്ചിറ, തോട്ടുവാത്തല, നെടുമുടി എന്ന കരാറുകാരന് കരാർ നൽകുകയും ചെയ്തു. 4.12.21 ൽ ആരംഭിച്ച4.1.22ൽ പൂർത്തിയായ പ്രവൃത്തിയുടെ മൂല്യനിർണ്ണയം പൊതുമരാമത്ത് ഇലക്ട്രിക്കൽ വിംഗ് അസി.എൻജിനീയർ രേഖപ്പെടുത്തി അസി.എക്സി.എൻജിനീയർ ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പ്രവൃത്തിയുടെ പാർട്ട് ഒന്ന് വയറിംഗ് പ്രവൃത്തിയുടെ മൂല്യം 53311 രൂപയും പാർട്ട് രണ്ട് കെ.എസ്.ഇ.ബി ചാർജ്ജ് 9050 രൂപയും ചേർത്ത് ആകെ മൂല്യമായി കണക്കാക്കിയ 62361രൂപയും ആയതിന്റെ 12ശതമാനം ചരക്ക് സേവന നികുതി 7483 രൂപയും ചേർത്ത് 69844 രൂപ പിൻവലിക്കുകയും അതിൽ ആകെമൂല്യത്തിന്റെ ഒരു ശതമാനമായ 624രൂപ വീതം ആദായനികുതിയും KBOCWWF ഉം കുറവ് ചെയ്ത് ബാക്കി 68596 രൂപ കരാറുകാരന് നൽകുകയും ചെയ്തു. ഈപ്രവൃത്തിയുടെ മൂല്യം കണക്കാക്കി പണം അനുവദിച്ചതിൽ താഴെപറയുന്ന അപാകം സംഭവിച്ചു.

എ) മേൽപ്പറഞ്ഞതിൽ പാർട്ട് രണ്ടിൽപെട്ട 9050 രൂപ കെ.എസ്.ഇ.ബിയിൽ ഒടുക്കിയതാണ് .ഈ തുകയിൽ തന്നെ 1320 രൂപ പതിനെട്ട് ശതമാനം നിരക്കിലെ ജി.എസ്.റ്റി ആണ് എന്ന് കെ.എസ്.ഇ.ബിയുടെ ബില്ലിൽ നിന്ന് തന്നെ വ്യക്തമാകുന്നു . ആകയാൽ ഈ 9050രൂപയ്ക്ക് വീണ്ടും 12 ശതമാനം നിരക്കിൽ ജി.എസ്.റ്റി കരാറുകാരന് അനുവദിക്കേണ്ടതില്ല. പകരം പാർട്ട് ഒന്നിലെ പ്രവൃത്തിമൂല്യത്തിന് ജി.എസ്.റ്റി അനുവദിച്ചാൽ മതിയാകും . എന്നാൽ 9050രൂപയ്ക്ക് വീണ്ടും 12 ശതമാനം നിരക്കിൽ ജി.എസ്.റ്റി അനുവദിക്കുക വഴി 1086 രൂപയുടെ അധികച്ചെലവുണ്ടായി (9050*12%).

ബി) എസ്റ്റിമേറ്റിനേക്കാൾ ആറ് ശതമാനം കുറവ് ക്വാട്ട് ചെയ്ത ടെന്ററിനാണ് 11.10.21 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം നമ്പർ 11(1) പ്രകാരം അംഗീകാരം നൽകിയത്. ഇക്കാര്യം 26.10.21 ലെ ഓഫീസ് കുറിപ്പിൽ സെക്രട്ടറി വീണ്ടും കണ്ട് ഒപ്പുവച്ചിട്ടുമുണ്ട്. എന്നാൽ പണം അനുവദിച്ചപ്പോൾ ഈ കുറവ് പരിഗണിക്കാതെ എംബുക്ക് പ്രകാരമുള്ള മൂല്യനിർണ്ണയതുക പൂർണ്ണമായി അനുവദിച്ചു . ആകെ മൂല്യമായ 62361രൂപയിൽ പാർട്ട് രണ്ടിലെ കെ.എസ്.ഇ.ബി ചാർജ്ജായ 9050 രൂപ കിഴിച്ച് ബാക്കി 53311 രൂപയുടെ (പാർട്ട് ഒന്നിലെ മൂല്യം) 6 ശതമാനം കുറവ് ചെയ്ത തുകയായിരുന്നു കരാറുകാരന് നൽകേണ്ടിയിരുന്നത് . ഈ തുകയ്ക്ക് മാത്രം 12 ശതമാനം ജി.എസ്.റ്റി യും അനുവദിച്ചാൽ മതിയാകുമായിരുന്നു. ടെന്റർ കുറവ് പരിഗണിക്കാതെ പണം നൽകിയത് വഴിയുണ്ടായ നഷ്ടം താഴെ പറയും പ്രകാരമാണ്.

പാർട്ട് ഒന്ന് പ്രവൃത്തി മൂല്യം – 53311 രൂപ
ടെന്റർ കുറവ് 6 ശതമാനം – 3199 രൂപ
ബാക്കി തുക (53311-3199) – 50112 രൂപ
നൽകേണ്ടിയിരുന്ന GST – 50112*12% = 6013 രൂപ
ആകെ വരേണ്ടിയിരുന്ന ബിൽ തുക – 50112+6013+9050 = 65175രൂപ (കരാറുകാരന് – 63991രൂപ, ആദായനികുതി – 592രൂപ ,KBOCWWF- 592രൂപ)
പിൻവലിച്ച തുക – 69844 രൂപ
അധിക ചെലവ് /നഷ്ടം (എ,ബി പ്രകാരം)– 69844- 65175 = 4669 രൂപ

അധികച്ചെലവുണ്ടായതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ 4669 രൂപ പണം അനുവദിച്ച സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതും സംസ്ഥാന സഞ്ചിതനിധിയിൽ ബന്ധപ്പെട്ടശീർഷകത്തിൽ ഒടുക്കേണ്ടതുമാണ്.

പ്രോജക്ട് വിവരം
നമ്പർ- 102/22 അങ്കണവാടി നം 73 വൈദ്യുതീകരണം (സ്പിൽ ഓവർ)
അടങ്കൽ – 1 ലക്ഷം രൂപ
ചെലവ് – 69844 രൂപ (റോഡിതര മെയിന്റനൻസ് ഗ്രാന്റ്)
ട്രഷറി ബിൽ നം – 25 തീയതി 10.02.2022 (ബിൽ റഫ.നം 001085527)
എം.ബുക്ക് നം. 8/21-22 (പേജ് 1 മുതൽ 25 വരെ)
ടെന്റർ പരസ്യം നം. എ1/1320/20 തീയതി 18.9.21
ടെന്റർ സ്വീകരിച്ച അവസാന തീയതി/തുറന്നതീയതി – 6.1021
സെലക്ഷൻ നോട്ടീസ് നൽകിയത് – 23.10.21
കരാർ വച്ചത് – 17.11.21 (കരാറിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയില്ല)
ഓഡിറ്റ് അന്വേഷണം – 5/31.01.2023

## 1-19 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായില്ല , ധനവിനിയോഗ വിവരങ്ങൾ ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

കേരള സംസ്ഥാന വൈദ്യുതി ബോർഡുവഴി നിർവ്വഹണം നടത്താനായി എസ്ററിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ പണം കെട്ടിവച്ച താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തിയായതായി കാണുന്നില്ല. പ്രവൃത്തി പൂർത്തിയായെങ്കിൽ ധനനിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

എ) സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ – പ്രോജക്ട് നം 82/22

തെരുവുകളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായി വിഭാവനം ചെയ്ത ഈ പ്രോജക്ട് വഴി 2021209 രൂപ വിവിധ വാർഡുകളിലെ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചതിൽ 128632രൂപയുടെ പണിപൂർത്തിയാക്കിയതിന്റെ ധനവിനിയോഗസാക്ഷ്യപത്രം മാത്രമാണ് ലഭ്യമായിട്ടുള്ളത് . ബാക്കി 1892577 രൂപയുടെ വിനിയോഗ വിവരം ലഭ്യമല്ല. ധനനിനിയോഗ സാക്ഷ്യപത്രം അടക്കമുള്ള ചെലവ് സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ 1892577 രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം
അടങ്കൽ- 30ലക്ഷം രൂപ
ചെലവ് – 2021209 രൂപ
തനത് ഫണ്ട് -1021209രൂപ
വൗച്ചർ നം -22100368 തീയതി 10.8.21 , 23600രൂപ
വൗച്ചർ നം –22100433 തീയതി 16.2.22, 128632 രൂപ
വൗച്ചർ നം –22100432 തീയതി 15.2.22 , 35400രൂപ
വൗച്ചർ നം –22100434 തീയതി 15.2.22, 244152രൂപ
വൗച്ചർ നം –22100637 തീയതി 30.3.22, 589425 രൂപ
ജില്ല പഞ്ചായത്ത് വിഹിതം – 10ലക്ഷം രൂപ
ട്രഷറി ബിൽ നം -30 തീയതി 27.3.22, 132169 രൂപ
ട്രഷറി ബിൽ നം –31 തീയതി 27.3.22, 867831 രൂപ

ബി) ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ യാത്രക്ക് തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ – പ്രോജക്ട് നം – 185/22

വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്ത് രണ്ട് ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച പ്രസ്തുത പ്രോജക്ട് വഴി 162472 രൂപ തനത് ഫണ്ട് കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയതായി

കാണുന്നില്ല. ധനവിനിയോഗ സാക്ഷ്യപത്രം അടക്കമുള്ള ചെലവ് സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ 162472 രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ചിട്ടുള്ളവിധം പൂർത്തീകരണ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ആകെ 2055049/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

വൗച്ചർ നം –22100007 തീയതി 15.9.21, 4259 രൂപ *
വൗച്ചർ നം – 22100017 തീയതി 17.09.21, 12126രൂപ
വൗച്ചർ നം – 22100250 തീയതി 08.12.21, 12883 രൂപ
വൗച്ചർ നം – 22100392 തീയതി 02.02.22, 49644രൂപ
വൗച്ചർ നം – 22100393 തീയതി 02.02.22, 21853 രൂപ
വൗച്ചർ നം – 22100435 തീയതി 15.02.22, 28644 രൂപ
(* ILGMS ആരംഭം, വൗച്ചർ നമ്പർ പുനരാരംഭിച്ചു)
ഓഡിറ്റ് അന്വേഷണം – 4/31.1.23

## 1-20 വയോജനങ്ങൾക്ക് കട്ടിൽ - കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് കട്ടിൽ വാങ്ങി , പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പൊതു വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും പെട്ട ഗുണഭോക്താക്കലായ വയോജനങ്ങൾക്ക് കട്ടിൽ ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്യപ്പെട്ട രണ്ട് പ്രോജക്ടുകൾ വഴി 180കട്ടിലുകൾ (90 വീതം) 2021-22ൽ വിതരണം ചെയ്യുകയുണ്ടായി. ഇതിനായി SIDCO, KADCO തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് പ്രൊഫോർമ ഇൻവോയിസ് ക്ഷണിക്കുകയും ആയത് പ്രകാരം കട്ടിലൊന്നിന് സിഡ്കോ കൊല്ലകടവ്, കാഡ്കോ കൊല്ലം എന്നീ സ്ഥാപനങ്ങൾ 4300 രൂപയും സിഡ്കോ പരുമല 4330രൂപയും സിഡ്കോ ആലപ്പുഴ 4350 രൂപയും വിലരേഖപ്പെടുത്തി പ്രൊഫോർമ ഇൻവോയിസ് ലഭ്യമാക്കി. തുടർന്ന് നാല് സ്ഥാപനവും ലഭ്യമാക്കിയ ഓരോ കട്ടിലുകൾ പരിശോധിച്ച് ഗുണമേൻമ നിശ്ചയിക്കുവാൻ യോഗ്യനായ സാങ്കേതിക വിദഗ്ധന്റെ സേവനം ലഭിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസറും പഞ്ചായത്ത് സെക്രട്ടറിയും ചെങ്ങന്നൂർ ഗവ.ഐ.റ്റി.ഐ പ്രിൻസിപ്പലിന് പ്രത്യേകം കത്ത് നൽകുകയും അതിൻപ്രകാരം ജൂനിയർ ഇൻസ്ട്രക്ടറായ ശ്രീ അഭയ്. ഡി.കുറുപ്പ് കട്ടിലുകൾ പരിശോധിച്ച് 09.11.2021 ൽ റിപ്പോർട്ട് നൽകുകയും ചെയ്തു. ഈ റിപ്പോർട്ട് പ്രകാരം 4330രൂപ വില രേഖപ്പെടുത്തിയ സിഡ്കോ പരുമലയുടെ കട്ടിൽ ആണ് ഏറ്റവും ഗുണമേൻമയുള്ളത് . സിഡ്കോ ആലപ്പുഴ, സിഡ്കോ കൊല്ലകടവ്, കാഡ്കോ കൊല്ലം എന്നീ സ്ഥാപനങ്ങുടേത് ഗുണമേൻമയിൽ യഥാക്രമം രണ്ട്, മൂന്ന്, നാല് സ്ഥാനങ്ങളിലാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിഡ്കോ പരുമലയിൽ നിന്ന് കട്ടിൽ വാങ്ങാൻ പഞ്ചായത്ത് സമിതിയുടെ അനുമതി ആരാഞ്ഞ് നിർവ്വഹണോദ്യോഗസ്ഥ സെക്രട്ടറിക്ക് കത്തും നൽകിയിട്ടുണ്ട്. എന്നാൽ സാങ്കേതിക വിദഗ്ധന്റെ ഈ പരിശോധന റിപ്പോർട്ടിനെ അവഗണിച്ച് കൊണ്ട് സിഡ്കോ പരുമല എത്തിച്ച കട്ടിലിന്റെ പ്ലൈവുഡ് ഗുണമേൻമയില്ലാത്തതാണെന്നും പകരം സിഡ്കോ ആലപ്പുഴയുടേതിന്റെ പ്ലൈവുഡാണ് നല്ലത് എന്നും പർച്ചെയിംഗ് കമ്മറ്റിക്കും പഞ്ചായത്ത് കമ്മറ്റിക്കും ബോധ്യമായി എന്ന് ചൂണ്ടിക്കാട്ടിയും എന്നാൽ കട്ടിലിന്റെ തടി ഉൾപ്പടെയുള്ളതിനെ കുറിച്ച് ഒന്നും തന്നെ പറയാതെയും സിഡ്കോ ആലപ്പുഴയിൽനിന്ന് കട്ടിലുകൾ വാങ്ങാൻ 17.11.2021 ലെ പഞ്ചായത്ത് സമിതി തീരുമാനിച്ചു (തീരുമാനം നം. 1(6)) . ഇപ്രകാരം കട്ടിൽ വാങ്ങുക വഴി പഞ്ചായത്തിന് 3600 രൂപയുടെ (180*(4350-4330)) നഷ്ടം ഉണ്ടായി. ഇപ്രകാരം കൂടിയ വിലയ്ക്ക് കട്ടിൽ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരമാണ് വാങ്ങിയത് എന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയത്. ഈ മറുപടിയെ രേഖകൾ സാധൂകരിക്കുകയും ചെയ്യുന്നു. സാങ്കേതിക വിദഗ്ധന്റെ പരിശോധനാ റിപ്പോർട്ട് അവഗണിച്ചും മറ്റേതെങ്കിലും വിദഗ്ധനെ കൊണ്ട് പരിശോധന നടത്താതെയും ഉയർന്ന തുകയ്ക്ക് കട്ടിൽ വാങ്ങുക വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ 3600 രൂപ 17.11.2021 ലെ പഞ്ചായത്ത് സമിതിയോഗത്തിൽ പങ്കെടുത്ത് പ്രസ്തുത തീരുമാനത്തിന് അനുകൂലമായി നിലപാടെടുത്ത മുഴുവൻ കമ്മറ്റി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കി സർക്കാർ സഞ്ചിത നിധിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

ചെലവ് വിവരം

പ്രോജക്ട് നം – 15/22 , വയോജനങ്ങൾക്ക് കട്ടിൽ
അടങ്കൽ – 435000 രൂപ (വികസന ഫണ്ട് ജനറൽ)
ചെലവ് – 391498 രൂപ (ബിൽ റഫ.നം – 00999826/24.01.2022, 334951 രൂപ)
(ബിൽ റഫ.നം – 01397189/21.03.2022 , 56457 രൂപ)
സിഡ്കോ ബിൽ നം – ALPY/21-22/100 – 29.12.2021 – 334951 രൂപ
ALPY/21-22/203– 09.3.2022 – 56457 രൂപ
പ്രോജക്ട് നം – 17/22 , വയോജനങ്ങൾക്ക് കട്ടിൽ(SCP)
അടങ്കൽ – 435000 രൂപ(വികസന ഫണ്ട്SCP)
ചെലവ് – 391490 രൂപ (ബിൽ റഫ.നം – 00999830/24.01.2022 , 178350 രൂപ)
(ബിൽ റഫ.നം – 01397202/21.03.2022 , 213140 രൂപ)
സിഡ്കോ ബിൽ നം – ALPY/21-22/101 – 29.12.2021 – 178350 രൂപ
ALPY/21-22/196– 09.3.2022 – 213140 രൂപ
ഓഡിറ്റ് അന്വേഷണം നമ്പർ – 6 / 31.1.2023

## 1-21 കെ.എം.എസ്.സി.എൽ -2.17 ലക്ഷം രൂപയുടെ മരുന്ന് ലഭ്യമാക്കുവാൻ ബാക്കി

പ്രാഥമികാരോഗ്യ കേന്ദ്രത്തിനും സാന്ത്വന പരിചരണ പരിപാടിക്കുമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രോജക്ടുകൾ വഴി 5,37,560 രൂപ പ്രസ്തുത സ്ഥാപനത്തിന് മുൻകൂറായി നൽകിയെങ്കിലും സാമ്പത്തിക വർഷം അവസാനിച്ച് പത്ത് മാസങ്ങൾക്ക് ശേഷവും അറുപത് ശതമാനത്തിൽ താഴെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് . കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്നിനായി നാല് ലക്ഷം രൂപ നൽകിയതിൽ 199994 രൂപയുടെ മരുന്നും സാന്ത്വന പരിചരണ പരിപാടിക്കായി മരുന്നിന് 137560 രൂപ നൽകിയതിൽ 120519 രൂപയുടെ മരുന്നും മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത് . ഇരു പ്രോജക്ടുകളിലുമായ് യഥാക്രമം 200006രൂപ, 17041രൂപ എന്നിങ്ങനെ

ആകെ 217047 രൂപയുടെ മരുന്നാണ് ലഭിക്കാൻ ബാക്കിയുള്ളത് . ആകയാൽ 217047രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് യഥാകാലം ലഭിക്കാതിരിക്കുന്നത് ആശുപത്രിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കാനിടയുണ്ട് . ആകയാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതി സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

പ്രോജക്ട് നം – 44/22 – പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ, ചെലവ് – 400000 രൂപ
ബിൽ റഫ.നം. – 1072421, തീയതി- 07.2.2022
പ്രോജക്ട് നം – 43/22 സാന്ത്വന പരിചരണ പദ്ധതി
അടങ്കൽ- ആറ് ലക്ഷം രൂപ
ആകെ ചെലവ് – 591000രൂപ
മരുന്ന് വാങ്ങൽ – 137560 രൂപ(ബിൽ നം. 1151489/ 18.2.2022)

## 1-22 ഹരിത കർമ്മസേന -അവലോകനം

മുളക്കുഴ ഗ്രാമപഞ്ചായത്തിൽ അജൈവ മാലിന്യ സംസ്കരണത്തിന്നായുള്ള ആക്ഷൻപ്ലാൻ 02-09-2021 ൽ ഗ്രാമ പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ഒപ്പം പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെൻറ് ബൈലയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. ആക്ഷൻ പ്ലാൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വീടുകളിൽ നിന്നും ഡോർ ടു ഡോർ കവറേജ് വ്യാപിപ്പിച്ചു കൊണ്ട് അജൈവ മാലിന്യങ്ങൾ MCF ലേക്ക് മാറ്റുന്നതിനും ആയത് തരംതിരിച്ച് ക്ലീൻ കേരളാകമ്പനിക്കോ അഥവാ ടെണ്ടർ വഴി നിശ്ചയിക്കുന്ന സ്വകാര്യ കമ്പനിക്കു നൽകുന്നതിനും തീരുമാനിച്ചു. പ്രസ്തുത പ്രവർത്തനങ്ങളുടെ നോഡൽ ഓഫീസറായി അസ്സി:സെക്രട്ടറി യെ ചുമതലപ്പെടുത്താനും തീരുമാനം ആയി.MCF ൽ എത്തുന്ന മാലിന്യത്തിന്റെ അളവ് വെസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും പ്രസ്തുത രജിസ്റ്റർ ദിനംപ്രതി പരിശോധിക്കുന്നതിന് VEO യെചുമതലപ്പെടുത്തുന്നതിനും തീരുമാനം ആയി.ഒപ്പം ഹോട്ടലുകൾ ഓഡിറ്റോറിയങ്ങൾ മുതലായവയിലെ ജൈവമാലിന്യം കൃത്യമായി ഉറവിടത്തിൽ തന്നെ സംസ്കരിക്കണം എന്നും ആക്ഷൻ പ്ലാൻ വ്യവസ്ഥ ചെയ്തു.

2016 ലെ കേന്ദ്ര പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെൻറ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് 15 ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ ബൈലാ തയ്യാറാക്കപ്പെട്ടത്. ഇത് വഴി നിയുക്തരാകുന്ന ഹരിത കർമ്മസേനക്ക് അജൈവ മാലിന്യ ശേഖരണം തരംതിരിക്കൽ എന്നിവയുടെ ചുമതലയും നൽകപ്പെട്ടു.2021 സെപ്റ്റംബറിൽ ആക്ഷൻ പ്ലാൻ നിലവിൽ വന്നു എങ്കിലും ആയത് പ്രകാരമുള്ള പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ പിന്നേയും കാലതാമസം എടുത്തു. MCF കളിലെ വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്ററുകളുടെ പരിപാലനം,പരിശോധന എന്നിവ കൃത്യമായി നടത്തപ്പെട്ടില്ല. ഹോട്ടലുകൾ ഓഡിറ്റോറിയങ്ങൾ എന്നിവയിലെ മാലിന്യ സംസ്കരണ പരിശോധന ലൈസൻസ് നൽകുന്ന അവസരത്തിൽ മാത്രമായി ഒതുങ്ങി.

എല്ലാ വാർഡിലും മിനി MCF സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ 2023 ഫെബ്രുവരിയിൽ നടന്ന് വരുന്നതെ ഉള്ളൂ. റിവ്യൂ മീറ്റിങ്ങുകൾ നടക്കുന്നുണ്ടെങ്കിലും വെസ്റ്റ് സൈറ്റുകൾ വൃത്തിയാക്കുന്ന നടപടികളും അവയുടെ കൈയൊഴിയലും ഇപ്പോഴും യഥാർഥ്യമായില്ല. 2022-23 ൽ ഈ പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല IRTC യ്ക്കു നല്കാൻ പഞ്ചായത്ത് തീരുമാനിക്കുകയും ആയതിൻ പ്രകാരം കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. റെജിസ്റ്ററുകളുടെ പരിപാലനം അടക്കമുള്ള അപാകങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ നടപടികൾ തുടങ്ങുന്നതായും പഞ്ചായത്ത് അറിയിച്ചു. 2021 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ 4569 Kg മാലിന്യം ശേഖരിച്ചതിൽ 2886.3 Kg മാലിന്യം തരംതിരിച്ചു 1886 Kg മാലിന്യം ക്ലീൻ കേരള കമ്പനിയ്ക്കു കൈമാറിയിട്ടുണ്ട്. 02-09-21 ൽ പഞ്ചായത്ത് സമിതി അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം അജൈവ മാലിന്യ സംസ്കരണം കുറ്റമറ്റതാക്കി നടകുന്നു എന്ന് ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഊർജിതമാക്കുന്നതിനായിവാഹനം അടക്കം ആവശ്യമായ ഭൌതിക സൌകര്യങ്ങൾ ഒരുക്കി നൽകുന്നതിനും ഒപ്പം അജൈവ മാലിന്യ സംസ്കരണം ഉറവിടത്തിൽ തന്നെ ഫലപ്രദമായി നടപ്പാക്കുന്നു എന്ന് ഉറപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ പഞ്ചായത്ത് കൈകൊള്ളേണ്ടതാണ്. ഈ കാര്യത്തിൽ നോഡൽ ഓഫീസറുടെ ചുമതലയുള്ള അസി: സെക്രട്ടറിയും പുതുതായി പരിശോധനാ ചുമതലകൾ ഏൽപ്പിച്ച് നൽകപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാരും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

പ്രോജക്ട് നമ്പർ - 128/22, (129/21-22)

തച്ചക്കോട്ടുകുളം നവീകരണം

അടങ്കൽ- 4,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

പി.എ.സി- 357046.00

കരാറുകാരൻ - ശ്രീ. വിനീത് രാജൻ

എഗ്രിമെന്റ് നമ്പർ 21/AE/20-21/LSGD/ 16.10.2020

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത് 7.7.2020 ൽ ആണ്. ഇത് പ്രകാരം 21.7.20നുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ 16.10.2020 ൽ ആണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2009.6പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14ദിവസത്തിനുള്ളിൽ എഗ്രിമെന്റ് ഫൈനില്ലാതെയും തുടർന്ന് 10ദിവസത്തിനുള്ളിൽ 1% ഫൈനോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. എന്നാൽ ഈ കാലയളവിലും കരാർ വെക്കാത്തപക്ഷം ഇ.എം.ഡി കണ്ടുകെട്ടുകയും ടെണ്ടർ നിബന്ധന പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നിട്ടും ഇപ്രകാരം തുടർനടപടി സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് പി.എ.സിയുടെ 1% (357046x1%), 3570രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (10/2.2.23) മറുപടി ലഭ്യമാക്കിയില്ല.

## 1-24 പുതുപ്പറമ്പിൽ ഊരിക്കടവ് തോട് ആഴംകൂട്ടി വശങ്ങൾ കയർഭൂവസ്ത്രം വിരിക്കൽ

വർക്ക് കോഡ് -WC 441183

2021-22ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ പുതുപ്പറമ്പിൽ ഊരിക്കടവ് തോട് ആഴംകൂട്ടി വശങ്ങൾ കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അതേ വിസ്തീതിയിൽ തന്നെ പ്രവർത്തി ചെയ്തതായി രേഖപ്പെടുത്തി അധികം തുക ചെലവഴിച്ചതായി കാണുന്നു.

കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) തന്നെ ഒരു ചതുരശ്രമീറ്റർ വിസ്തീതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തി യിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം വ്യത്യസ്ത വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തീതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.നം.80.8.63ൽ,

ച.മീറ്ററിന് 71.586 രൂപ നിരക്കിൽ നല്കിയതിന്റെവിശദാംശം ചുവടെ ചേർക്കുന്നു.

1. വാർഡ് 17-ൽ പുതുപ്പറമ്പിൽ ഊരിക്കടവ് തോട് ആഴംകൂട്ടി വശങ്ങൾ കയർഭൂവസ്ത്രം വിരിക്കൽ-

WC441183, അളവ് പുസ്തകം -19/21-22, FTO- 905095/27-11-21,

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/749, 3.9.21 | $360m^2$ |
| കയർഭൂവസ്ത്രം വാങ്ങിയതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് | | 360m2 |
| കയർഭൂവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും. | | 360m2 25770.96/-രൂപ (360m2x $71.586/m^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | | $342.85m^2$ (360m2/1.05) X $71.586/m^2$ = 24543/-രൂപ |
| അധികം നൽകിയത്. | | 25771-24543 = 1228/-രൂപ |

2. കണിയാംചിറ – കഠിനംവിള തോട് ആഴംകൂട്ടി വശങ്ങൾ കയർഭൂവസ്ത്രം വിരിക്കൽ-

WC445340, അളവ് പുസ്തകം -47/21-22, FTO- 905121/27-11-21,

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/1327, 3.11.21 | $496m^2$ |
| കയർഭൂവസ്ത്രം വാങ്ങിയതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് | | 496m2 |
| കയർഭൂവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും. | | 496m2 35507/-രൂപ (496m2x $71.586/m^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | | $472.38m^2$ (496m2/1.05) X $71.586/m^2$ = 33816/-രൂപ |
| അധികം നൽകിയത്. | | 33816-35507 = 1691/-രൂപ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (15/2.2.23) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള വിധം ആകെ അധിക നൽകിയ 2919/- രൂപ നഷ്ടോത്തരവാദികളായ അസിസ്റ്റന്റ് എഞ്ചിനീയർ(MGNREGS), സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-25 കാലിവീപ്പയുടെ വില ഈടാക്കിയില്ല/ഈടാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

മുളക്കുഴ ഗ്രാമപഞ്ചായത്തിൽ 2021-22ൽ നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ചില പ്രവൃത്തികളിൽ നിന്നും ഈടാക്കുകയും ചിലതിൽ നിന്നും ഈടാക്കാതിരിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. കൂടാതെ ഇപ്രകാരം ഈടാക്കിയ തുക സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റ് കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18%ജി.എസ്.ടി ഉൾപ്പെടെ 281രൂപ നിരക്കിൽ ഈടാക്കേണ്ട തുക | ഈടാക്കിയ തുക | ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് | കുറവ് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|---|
| 1 | 124/22 സെന്റ് മേരീസ് കുഴിപ്പൊയ്ക റോഡ് ടാറിംഗ് | സുജിത്കുമാർ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 7ബാരൽ | 1967 | 00 | 00 | 1967 | 8/20.11.21, 9/30.11.21 |
| 2 | 117/22 എം.സി റോഡ് ശാന്തി ഭവനം റോഡ് ടാറിംഗ് | സുരേഷ്.കെ (മെയിന്റനൻസ് ഗ്രാന്റ് + തനത് ഫണ്ട്) | 12ബാരൽ | 3372 | 00 | 00 | 3372 | 7/26.11.21, 3841964/6.12.21 |
| 3 | 122/22 അയിത്തിട്ട അഞ്ചുമൂല കളരിത്തറ റോഡ് പുനരുദ്ധാരണം | സാം എബ്രഹാം (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 12ബാരൽ | 3372 | 3372 | 3372 | 00 | 10/30.11.21 |
| 4 | 119/22 പറങ്ങഴ മോടി റോഡ് പുനരുദ്ധാരണം | കെ.സുരേഷ് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 18ബാരൽ | 5058 | 00 | 00 | 5058 | 11/16.12.21 |
